**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2285** **13-09-2023 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി ഫയർ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ പട്ടാമ്പി ഫയർ സ്റ്റേഷന് സ്വന്തമായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | പട്ടാമ്പി ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിന് അനുയോജ്യമായി അഗ്നിരക്ഷാസേവന വകുപ്പ് കണ്ടെത്തിയ പട്ടാമ്പി മുനിസിപ്പാലിറ്റി കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ള 23 സെന്റ് സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടാമ്പി ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൻെറ വാടക നാളിതുവരെ നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നൽകാത്തതിനുള്ള കാരണം വിശദമാക്കുമോ; | (ബി) | ഉണ്ട്. ടി കെട്ടിട ഉടമസ്ഥയുമായി വകുപ്പ് വാടക കരാറിൽ ഏർപ്പെട്ടിട്ടില്ല. പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള വാടകയ്ക്ക് കെട്ടിടം നല്കാൻ സമ്മതം അല്ലെന്നും വാടക വർദ്ധിപ്പിക്കണമെന്നും കെട്ടിട ഉടമ അപേക്ഷിച്ചിട്ടുണ്ട്. അഗ്നിരക്ഷാസേവന വകുപ്പ് ആയത് പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | വാടക നിശ്ചയിച്ചതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഏങ്കിൽ ഇത് അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | പിരിവ് (ബി) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | ഫണ്ട്, സ്ഥലം എന്നിവ അനുവദിച്ചിട്ടും ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ വകുപ്പ് മേധാവികൾ തുടരുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ നിന്നും സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലം അഗ്നിരക്ഷാസേവന വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ